
# വേർപ്പെട്ട കണ്ണികൾ വീണ്ടും ബന്ധപ്പെടുമ്പോൾ

**(ഡോക്ടർ ജോയ് ടി കുഞ്ഞാപ്പുവിൻെറ "Links and Connectivity" എന്ന പുസ്തകം – ഒരു ഹ്രസ്വ പഠനം)**

**സുധീർ പണിക്കവീട്ടിൽ**




വായനയുടെ വാതിലുകൾ തുറന്ന് അറിവിൻെറ ഉള്ളറകളിലേക്ക് കടന്ന ഡോക്ടർ ജോയ് ടി കുഞ്ഞാപ്പു ആ അറിവുകളുടെ വാതായനങ്ങൾ മറ്റുള്ളവർക്ക് വേണ്ടി തുറന്നിടുകയാണു ലിങ്ക്സ് ആൻറ് കണക്റ്റിവിറ്റി (Links and Connectivity – from Blog to Book) എന്ന ഇംഗ്ലീഷ് പുസ്തകത്തിലൂടെ. ആ പുസ്തകത്തെക്കുറിച്ച് ഒരു പഠനം നടത്താൻ ആരംഭിച്ചപ്പോൾ ഈ ലേഖകൻെറ മനസ്സിൽ തോന്നിയ പരിഭാഷ "കണ്ണികളും അവയുടെ ചേർച്ചയും" എന്നാണു്. കാരണം കണ്ണികൾ വിട്ട് പോയാലും വീണ്ടും ബന്ധപ്പെടുന്നത് അവ തമ്മിലുള്ള ചേർച്ചകൊണ്ടാണു്. ഒന്ന് ഒന്നിനോട് തൊട്ട് കിടക്കുന്നു അല്ലെങ്കിൽ ഒന്നിൽ നിന്നു അനേകം കണ്ണികൾ ഉത്ഭവിക്കുന്നു.

വായിക്കുകയും , പഠിക്കുകയും, പഠിപ്പിക്കുകയും ചെയ്ത പുസ്തകങ്ങളിൽ നിന്നു, നേടിയ അറിവിലൂടെ നോക്കി കണ്ട ജീവിതങ്ങളിൽ നിന്ന്, ഈ ലോകത്തെപ്പറ്റിയുള്ള തന്റെ അറിവുകളുടെ കണ്ണികൾ ബന്ധിപ്പിക്കയാണു അദ്ദേഹം. പുസ്തകത്തിന്റെ ഓരോ താളുകൾ മറിയുമ്പോൾ ആ അറിവുകളുടെ മുന്നിൽ ലോകം ചുരുങ്ങുന്ന വിസ്മയം നമ്മൾക്കനുഭവപ്പെടുന്നു. വൈവിധ്യമാർന്ന വിഷയങ്ങളെ കുറിച്ച് മനസ്സിലാക്കിയ കാര്യങ്ങൾ സ്വന്തം പ്രതിഭയിൽ കാച്ചി കുറുക്കി പതിന്നാല് അദ്ധ്യായങ്ങളിലൂടെ എഴുത്തുകാരൻ വായനകാർക്ക് നൽകുന്ന ഒരു വിജ്ഞാന രസായനമാണീ പുസ്തകം. പൂർവ്വികർ അവരുടെ അനുഭവങ്ങൾ പറഞ്ഞ് വച്ച് നടന്നുപോയ വീഥികളിലൂടെ നടന്നുപോകുന്ന തലമുറയിലെ ഒരംഗമായി ഡോക്ടർ കുഞ്ഞാപ്പു നടക്കുന്നു. തന്റെ മുന്നിൽ പ്രത്യക്ഷപ്പെടുന്ന കാഴ്ച്കൾ പൂർവ്വാർജ്ജിത വിജ്ഞാനത്തിന്റെ കണ്ണികളെ തത്സമയത്തുണ്ടാകുന്ന വിചാര-വികാരങ്ങളുമായി ബന്ധിപ്പിക്കുന്നു. എന്തുകൊണ്ടാണു അങ്ങനെ സംഭവിക്കുന്നത്? കാരണം ബുദ്ധിയും പ്രതിഭയും ഇവിടെ കൈകോർക്കുന്നു.




ജീനിയസ്സ്, ഇന്റെല്ലിജെൻസ് എന്നീ ഇംഗ്ലീഷ് വാക്കുകളുടെ അർത്ഥം മലയാളത്തിൽ പരിഭാഷ ചെയ്യപ്പെടുമ്പോൾ അധികം വ്യത്യാസമില്ല. ഇന്റെല്ലിജെൻസ് എന്ന വാക്കിനു ബുദ്ധി, ഗ്രഹണശക്തി, എന്നൊക്കെ പറയുമ്പോൾ ജീനിയസ്സ് എന്ന വാക്കിനു പ്രതിഭ, പ്രാവീണ്യം, നൈപുണ്യം, ചതുരത, സർഗ്ഗാത്മകവും ഭാവനാപരവുമായ കഴിവ് എന്നൊക്കെ പറയാം., എന്തു ചിന്തിക്കണമെന്നല്ല. എങ്ങനെ ചിന്തിക്കണമെന്ന് പ്രതിഭാശാലികൾ ചിന്തിക്കുന്നു.

ഈ പുസ്തകത്തിലെ ഓരോ വിവരങ്ങളും ബുദ്ധികൊണ്ട് മാത്രം ശേഖരിച്ചതൊ, കണ്ടെത്തിയതോ അല്ലെന്നാണു ഈ ലേഖകന്റെ അഭിപ്രായം. ഇതൊക്കെ കണ്ടു പിടിച്ച് അവതരിപ്പിക്കാൻ ഒരാൾ ജീനിയസ്സ് ആയിരിക്കണം. ഈ പുസ്തകത്തിലുടനീളം ജിജ്ഞാസയും, വിജ്ഞാന കുതൂഹലതയുമുള്ള ഒരു പ്രതിഭാശാലിയുടെ നിരീക്ഷണങ്ങളും വിശദീകരണ കുറിപ്പുകളും വ്യാഖ്യാനങ്ങളും പ്രകടമായി കാണാം. ബുദ്ധിമാനായ ഒരാൾക്ക് പരീക്ഷയിൽ നല്ല മാർക്ക് വാങ്ങിക്കാം. ഉത്തരങ്ങൾ കണ്ടു പിടി ക്കുന്നത് അക്കൂട്ടർക്ക് എളുപ്പമാണു. എന്നാൽ ചോദ്യങ്ങൾ ചോദിക്കുക എന്നത് ജീനിയസ്സ് ആയ ഒരാൾക്ക് മാത്രം കഴിയുന്ന ഒരു നൈപുണ്യമാണു. ബുദ്ധിമാന്മാർ ചോദ്യങ്ങൾ ചോദിക്കയില്ലെന്നല്ല അർത്ഥമാക്കുന്നത്. അവരുടെ ചോദ്യങ്ങൾ പലപ്പോഴും അവർ പഠിച്ച പാഠങ്ങളെ ആസ്പ്ദമാക്കിയായിരിക്കും. കാലം ഒരു ചങ്ങലപോലെ നീളുമ്പോൾ നമ്മൾ ചില കണ്ണികൾ പുറകിൽ വിട്ടിട്ട് പോകുന്നു. ജീനിയസ്സായ ഒരാൾക്ക് ആ കണ്ണികളെ പുതിയതുമായി ബന്ധിപ്പിക്കാൻ കഴിയും. പൂക്കൾ വിരിയുന്നതും കൊഴിഞ്ഞ് പോകുന്നത് ഒരു നിത്യസംഭവമായി സാധാരണക്കാരൻ അല്ലെങ്കിൽ അതേക്കുറിച്ചറിവുള്ള ഒരാൾ കരുതുന്നു. എന്നാൽ ജീനിയസ്സായ ഒരാൾ അത് കാണുമ്പോൾ അവിടെ

ഒരു പുതിയ ആശയം ഉത്ഭവിക്കുന്നു. വീണു കിടക്കുന്ന ഒരു പൂവ് കണ്ട് മഹാകവി കുമാരനാശാൻ മനോഹരമായി ഒരു കവിത എഴുതി. ആ പൂവ്വിൻെറ നശ്വരത മനുഷ്യ ജീവിതവുമായി അദ്ദേഹം ബന്ധിപ്പിച്ചു.

അറിവ് പ്രതിഭാശാലികൾക്ക് ഹരമാണ്. അവർ അത് ഗ്രഹിക്കാൻ വേണ്ടി അശ്രാന്തപരിശ്രമം നടത്തുന്നു. ഇവിടെ ഡോക്ടർ കുഞ്ഞാപ്പുവിനെക്കുറിച്ച് ചുരുക്കമായി പ്രതിപാദിക്കുന്നത് ആവശ്യമാണെന്ന് കരുതുന്നു. കവിയായും, ലേഖകനായും വായനകാർക്ക് പരിചയമുള്ള ഡോക്ടർ ജോയ് ടി. കുഞ്ഞാപ്പു ഒരു ശാസ്ത്ര്ഞ്ജനും സർവ്വകലാശാല അദ്ധ്യാപകനും ആണ്.. നാൽപ്പതിലേറെ വർഷങ്ങളായി അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചിരുന്നപ്പോൾ തന്നെ മറ്റ് കലാ-സാംസ്കാരിക രംഗങ്ങളിലും ഇദ്ദേഹം കർമ്മോന്മുഖനാണ്. . മലയാളത്തിലും, ഇംഗ്ലീഷിലുമായി നൂറിലേറെ കഥകൾ, കവിതകൾ, ലേഖനങ്ങൾ എന്നിവ രചിച്ചിട്ടുള്ളതിനു പുറമേ, ഗവേഷണ ലേഖനങ്ങളും ശാസ്ത്ര ഗ്രന്ഥങ്ങളും ഇദ്ദേഹത്തിൻെറ വകയായിട്ടുണ്ട്. ഇദ്ദേഹം തൃശ്ശൂർ സെൻറ് തോമസ് കോളേജിൽ നിന്നും സയൻസിൽ മാസ്റ്റേഴ്സ് ബിരുദം നേടി. അതിനു ശേഷം ബോംബെ സർവ്വകലാശാലയിൽ നിന്നും ഓർഗാനിക്ക് കെമിസ്റ്റ്റിയിൽ പി.എച്.ഡിയും ഫിസിക്കൽ കെമിസ്റ്റ്റിയിൽ ഡി.എസ്.സി ബിരുദവും നേടി. ഇരുപത് വർഷക്കാലം ബോംബയിലെ പ്രസിദ്ധമായ ഭാഭ അറ്റോമിക് എനർജിയിൽ ശാസ്ത്രഞ്ജനായി സേവനമനുഷ്ഠിച്ചതിനു ശേഷം അമേരിക്കയിലേക്ക് കുടിയേറിയ ഇദ്ദേഹം കൊളംബിയ സർവ്വകലാശാലയിൽ എട്ടു വർഷക്കാലം പോസ്റ്റ്-ഡോക്ടറൽ സയൻറിസ്റ്റ്, അസ്സോസ്സിയേറ്റ് റിസർച്ച് സയൻറിസ്റ്റ്, പ്രൊഫസ്സർ, എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. യഷീവ യൂണിവേഴ്സിറ്റി, സിറ്റി യൂണിവേഴ്സിറ്റി ഓഫ് ന്യൂയോർക്ക് ബ്രൂക്ലിൻ കോളേജ് എന്നിവിടങ്ങളിൽ പ്രൊഫസ്സറായും പിന്നീട് സേവനമനുഷ്ഠിച്ചിട്ടുണ്ട്. കൂടാതെ ഇദ്ദേഹം വ്യവസായ സ്ഥാപനങ്ങളിൽ റിസർച്ച് കെമിസ്റ്റായും, രസതന്ത്ര ശാഖയിൽ ഉപദേശം നൽകുന്ന വിദഗ്ദ്ധനായും പ്രവർത്തിച്ച് വരുന്നു.

നമ്മൾ എല്ലാവരും എഴുതുകയും വായിക്കുകയും ചെയ്യുന്നുണ്ടെങ്കിലും ആ പ്രക്രിയയെ കുറിച്ച് അധികം പേരും ബോധവാന്മാരല്ല. അക്ഷരങ്ങൾ എങ്ങനെ ഉണ്ടായി, ഒരു പക്ഷെ അക്ഷരങ്ങൾക്ക് മുമ്പ് ശബ്ദലേഖനം എന്ന വിദ്യ സാദ്ധ്യമായിരുന്നെങ്കിൽ അക്ഷരങ്ങൾ ഉണ്ടാകുമായിരുന്നോ? വായിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം. വായിക്കാൻ വേണ്ടി എഴുതുകയും എഴുതാൻ വേണ്ടി വായിക്കുകയും എന്ന അദ്ധ്യായത്തിൽ ഡോക്ടർ കുഞ്ഞാപ്പു ഈ വിഷയത്തെക്കുറിച്ച് അദ്ദേഹത്തിനുള്ള അറിവും (ബുദ്ധി) അതിൽ നിന്നും അദ്ദേഹം തൻെറ പ്രതിഭ കൊണ്ട് ആർജ്ജിച്ച പുതിയ അറിവുകളും പ്രകടിപ്പിക്കുന്നു. 'The selective process of cultivating ideas gainfully for an occasion by assimilation, storage and retrieval is the defining phase of good reading. That is why Britons coined the phrase " read all the books in the London museum and still remain ignorant" Reflection accompanying an effective reading strengthens the memory neurons, literally and scientifically.' കലാലയ വിദ്യാർത്ഥികളെ പഠിപ്പിച്ച് കൊണ്ടിരുന്നപ്പോൾ ഡോക്ടർ കുഞ്ഞാപ്പു ചോദിച്ചു: പത്ത് വർഷത്തിനുശേഷം ഇപ്പോൾ നിങ്ങൾ പഠിക്കുന്ന ഈ വിഷയത്തെക്കുറിച്ച് എന്തായിരിക്കും ഓർത്ത് വച്ചിട്ടുണ്ടാകുക." ഡോക്ടർ കുഞ്ഞാപ്പു ഒരു ഉദാഹരണത്തിലൂടെ ഇതിൻെറ ഉത്തരം വിശദമാക്കുന്നു. ഒരു ടൈ കെട്ടാൻ 85 വഴികളുണ്ടെന്ന് നമ്മൾ പഠിച്ചാലും ഒന്നോ രണ്ടൊ വഴികൾ മാത്രമേ നമ്മൾ ഉപയോഗിക്കുന്നുള്ളു. തത്വങ്ങൾക്കും പ്രായോഗികതക്കും തമ്മിൽ ഒരു കോട്ടുവായുടെ വിടവുണ്ടെന്ന് വായനക്കാരേയും ഡോക്ടർ ഉദ്ബുദ്ധരാക്കുന്നു. നമ്മൾ കോട്ടുവായിടുന്നത് തലച്ചോറ് ചൂടാകുമ്പോളാണത്രെ. കോട്ടുവായിടുമ്പോൾ തലച്ചോറു തണുക്കുന്നു. (thermoregulation). സ്വയം തണുപ്പിക്കാൻ പ്രക്രിതി കണ്ട ഒരു മാർഗ്ഗമായി ഇതിനെ കാണാം.വാസ്തവത്തിൽ ഡോക്ടർ കുഞ്ഞാപ്പു ഇവിടെ കൊണ്ട് വരുന്ന ഒരു ആശയം "വായിൽ നിന്നും കേട്ട് കഴിയുമ്പോൾ കോട്ട് വാ "വരുന്ന ഒരു പ്രതിഭാസമാണ്. കേട്ടതെല്ലാം ഗ്രഹിക്കുന്നില്ല, വായിച്ചതെല്ലാം ഓർമ്മിക്കുന്നില്ല. അതേ സമയം

ശ്രദ്ധാപൂർവ്വം മനസ്സിലാക്കുന്ന വിഷയങ്ങൾ മനസ്സിലെ പരീക്ഷണശാലയിൽ പല മാനങ്ങളും തേടി അറിവിൻെറ ലോകം വിപുലമാക്കുന്നു,

പിന്നെ നമ്മൾ മനസ്സിലാക്കുന്നത് പുസ്തകം വായിക്കാതെ അതിനെക്കുറിച്ച് അഭിപ്രായം പറയാമെന്നാണു്. ഈ പുസ്തകത്തിൽ ഡോക്ടർ കുഞ്ഞാപ്പു പരാമർശിച്ചിട്ടുള്ള വിഷയങ്ങൾ അദ്ദേഹം അനവധി പുസ്തകങ്ങളിൽ നിന്നും ശേഖരിച്ചതാണു. എന്നാൽ ആ പുസ്തകങ്ങൾ മുഴുവനായി അദ്ദേഹം വായിച്ചിട്ടില്ലത്രെ. പിന്നെയെങ്ങനെ ഈ കഴിവ് കരസ്ഥമാക്കുന്നുവെന്ന് അദ്ദേഹം വിവരിക്കുന്നു. 'How to Talk about a book you haven't Read by a French Professor, Pierre Bayard. Bayard approaches this subject in a very creative way using his skills as a teacher of literature and psychoanalysis. His thesis as summarized is , "Not having read a book need not be an impediment to have an interesting conversation about it ..(this) offers a whole new perspective on how we read and absorb. " He quotes Oscar Wilde in the dedication page " I never read a book I must review, it prejudices you so."വായനയുടെ ആവശ്യകതയെപ്പറ്റി പറയുമ്പോൾ എത്ര പുസ്തകങ്ങൾ ഒരാൾക്ക് വായിക്കാൻ കഴിയുമെന്ന ചോദ്യം ആദ്യമുയരുന്നു. എല്ലാ പുസ്തകങ്ങളും ഒരാൾക്ക് വായിക്കാൻ കഴിയാതെ വരുമ്പോൾ ഒരാൾ വായിക്കാനുള്ള പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നു. വായിക്കുന്നത് ആഴത്തിൽ വായിക്കാൻ ശ്രമിക്കുന്നു. അപ്പോഴാണു മുഴുവൻ വായിക്കാതെ ഒരു പുസ്തകത്തെപ്പറ്റി പറയാമെന്ന് പറയുന്നത്. ചില കാര്യങ്ങൾ നമുക്ക് തന്നെ അറിയാം ചില വിവരങ്ങളെവിടെ കിട്ടുമെന്ന് നമുക്കറിയാം.അത്തരം അറിവുകൾ നമ്മൾ വായനയിലൂടെ നേടുന്നു,. ഡോക്ടർ കുഞ്ഞാപ്പുവിൻെറ വരികൾ ഉദ്ധരിക്കട്ടെ. "Finally, do you think I have read through each word in this book, revealed through all the underlying enigmas, or reinterpreted the entire manifesto?" അടുത്ത വരുന്ന വരികൾ ഈ പുസ്തകത്തിൽ നിന്നു തന്നെ വായനകാർ മനസ്സിലാക്കുക.

പ്രയോഗാത്മകമായ, (practical) വിവരണാത്മകമായ/സൂചനാത്മകമായ, (Informative) സകലതും ഉൾകൊള്ളുന്ന(വ്യാപകമായ)(comprehensive) അറിവുകൾ ഉണ്ട്. പ്രായോ ഗികമായ അറിവ് പഠിപ്പിച്ച് കൊടുക്കാൻ കഴിയുമെങ്കിലും അനുഭവങ്ങൾ ഇല്ലാതെ ആ അറിവ് പൂർണ്ണമാകില്ല. സൂചനാത്മകമായ /വിവരണാത്മകമായ അറിവുകൾ ഗുരുവിൻേറയും ശിഷ്യൻേറയും ഗ്രഹണശക്തി തുല്യമായാൽ മാത്രം സാധിക്കുന്നതാണു. വ്യാപകമായ അറിവുകൾ ആദ്യം അതുൾകൊണ്ടയാളിൽ നിന്നും പഠിക്കാം. എന്നാലിതിനു ബുദ്ധി മാത്രം പര്യാപ്തമല്ലെന്ന് ഡോക്ടർ നമ്മേ ബോധവാന്മാരാക്കുന്നു. ജീനിയസ്സിൻെറ ഒരംശം കൂടി ആവശ്യമാകുന്നു.

പ്രതിഭാശാലികളുണ്ടാകുന്നത് ഒരു രാഷ്ട്രത്തിനു ഗുണകരമാണു. അമേരിക്കയുടെ അമ്പത് ശതമാനം സമ്പാദ്യം ശാസ്ത്ര സാങ്കേതിക രംഗത്ത് അവർ നേടിയ മികവിൻെറ പ്രതിഫലങ്ങളാണു. വൈറ്റ് ഹൗസും പ്രസിഡണ്ട്മാരുമെല്ലാം മീഡിയക്കും എഴുതുകാർക്കുമെല്ലാം വളരെ അകലത്താലിയിരുന്ന കാലത്ത് അവരെക്കുറിച്ച് അറിയാനും എഴുതാനുമൊക്കെ ചുരുക്കം പേർക്കെ അവസരം ലഭിച്ചിരുന്നുള്ളു. ഇന്നീ സൈബർ യുഗത്തിൽ രഹസ്യങ്ങൾ കുറഞ്ഞ്പോകുന്നു. നിമിഷങ്ങൾക്കകം സാങ്കേതികവിദ്യയുടെ മികവിൽ എല്ലാ വിവരങ്ങളും വേണമെന്നുള്ളവർക്ക് വിരൽതുമ്പിൽ കണ്ണുന്നിൽ കിട്ടുന്നു. പ്രസിഡണ്ടുമാരും പിരിമുറുക്കമില്ലാതെ സൗഹ്രുദഭാവങ്ങളോടെ സംസാരിക്കുന്നു. ഈ പുസ്തകത്തിൽ കൊടുത്തിരിക്കുന്ന ഈ ഭാഗം വായിക്കുക. പരിഭാഷ ചെയ്ത അതിൻെറ ഭംഗി കളയുന്നില്ല. Obama's opening remark or so in lighter vein went like this " This is a true story. A friend sent me a clip about a new study by a psychologist at the University of Scotland who says sex before a public speaking engagement actually enhances your oratorical power. I showed this clip to Michelle, before we arrived here tonight. She looked it over, handed it back and said " Do the best you can".

എല്ലാ കണ്ടുപിടുത്തങ്ങൾക്കും പുറകിൽ ജിജ്ഞാസുവായ ഒരു അഭിലാഷിയുണ്ട്. അങ്ങനെ ഒരു ഉത്സാഹം മനുഷ്യ മനസ്സുകൾക്കില്ലയിരുന്നെങ്കിൽ ഈ ലോകം യാന്ത്രികമായിപോകുമായിരുന്നു. ഒരു പക്ഷെ പഴഞ്ചൊല്ലുകളിൽ വിശ്വസിച്ചിരുന്നെങ്കിൽ പല കാര്യങ്ങളും ഒരിക്കൽ നില നിന്നു പോന്നിരുന്ന പോലെ നിൽക്കുമായിരുന്നു. ഡോക്ടർ കുഞ്ഞാപ്പു അതേകുറിച്ച് ചിന്തിച്ചതിന്റെ വിശദാംശങ്ങൾ ഈ പുസ്തകത്തിൽ വിവരിക്കുന്നു. മടിയൻ മല ചുമക്കുമെന്നത് എക്കാലത്തേയും ഒരു അറിവാണു, വിശ്വാസമാണു. ബില്ല് ഗെയ്റ്റ്സിനെകുറിച്ചുള്ള അറിയാനുള്ള ഡോക്ടർ കുഞ്ഞാപ്പുവിന്റെ ജിജ്ഞാസഭരിതമായ മനസ്സിനു ഒരു പുതിയ അറിവ് കുട്ടുന്നു. ബില്ല് ഗെയ്റ്റ്സ് മടിയനായ ഒരാൾക്കാണത്രെ ഏറ്റവും ബുദ്ധിമുട്ടുള്ള ജോലിയേൽപ്പിക്കുന്നത്. കാരണം ചടഞ്ഞ് പണിയെടുക്കാൻ മടിയുള്ള ആ മനുഷ്യൻ തന്റെ പണി എളുപ്പം ചെയ്യാനുള്ള ഒരു മാർഗ്ഗം കണ്ടുപിടിക്കുമെന്നുള്ളത്കൊണ്ട് തന്നെ. ഇരുന്നാൽ എഴുന്നേൽക്കാൻ മടിയുള്ളവരുടെ പ്രയാസത്തിൽ നിന്നു ദൂരസ്ഥ നിയന്ത്രണം (Remote Control) എന്ന ഉപകരണം കണ്ടുപിടിക്കപ്പെട്ടുവെന്ന സത്യവും നമ്മെ ഓർമ്മിപ്പിക്കുന്നു.

മരണത്തിൽ നിന്നും അമരത്വം പ്രാപിക്കാൻ മനുഷ്യർ ആദ്യകാലം മുതൽ തന്നെ മാർഗ്ഗങ്ങൾ ആരായുന്നു. ജനിച്ചാൽ മരിക്കുമെന്ന വിശ്വാസത്തിൽ ജീവിച്ച്പോകാതെ പുതിയ അറിവുകൾ തേടിയുള്ള മനുഷ്യന്റെ പ്രയാണം അവന്റെ ബുദ്ധിയും പ്രതിഭയുമനുസരിച്ചാണു. എന്നാലും മരണമുണ്ടെന്ന സത്യം ജനനം മുതൽ മനുഷ്യർ മനസ്സിൽ കണക്ക്കൂട്ടിയിരിക്കുന്നു. പുസ്തകത്തിൽ നിന്നുമുള്ള വരികൾ ഉദ്ധരിക്കുന്നു. "Dhanwanthari and Hippocrates are revered in the eastern and westeran traditions of medicine, who contributed lavishly to streamline the existing know how on health issues. But what is looming large on the horizion is our inability to repair our body beyond a certain point – the morbid thought that death is inevitable." സന്തോഷം വയസ്സിന്റെ ഒരു പ്രവർത്തി മാത്രമാണു. യൗവ്വനകാലത്താണത്രെ മനുഷ്യർ കൂടുതൽ ദുഃഖിതരും പ്രയാസപ്പെടുന്നവരുമാകുന്നത്. കുട്ടികളും വൃദ്ധന്മാരും സന്തോഷവാന്മാരാകുന്നു. പ്രക്രുതിയിൽ നാശ നഷ്ടങ്ങൾ വരുത്തുന്ന കൊടുങ്കാറ്റ്/ചുഴലി കാറ്റ് എന്നിവക്ക് അമേരിക്കക്കാർ സ്ത്രീകളുടെ പേരുകൾ കൊടുക്കുന്നതിനെപ്പറ്റി പറയുമ്പോൾ വിവാഹേതര ബന്ധങ്ങൾ എങ്ങനെ മനുഷ്യജീവിതത്തെ ഉലക്കുന്നു എന്ന വിവരണവും കൊടുക്കുന്നു. ഒരു പക്ഷെ യൗവ്വന കാലത്തായിരിക്കും ജീവിതത്തിന്റെ എല്ലാ സംഘർഷങ്ങളും, സംഘട്ടനങ്ങളും നടക്കുന്നത്.

പഠിച്ച കലാലയകെട്ടിടത്തിൽ കൊത്തിവച്ചിരുന്ന വരികൾ (veritas vos liberabit = truth will make you free) സത്യം നിങ്ങളെ സ്വതന്ത്രരാക്കുന്നു എന്നതിന്റെ ഒരു വകഭേദമായി പഠിപ്പിക്കാൻ ചെന്ന കോളേജിലും (Lux Et Veritas = Light and Truth അത് കാണുന്ന ഡോക്ടർ കുഞ്ഞാപ്പു ഓർമ്മകളുടെ കണ്ണികൾ കൂട്ടിചേർക്കുന്നു. ഒന്നിനു പിറകെ ഒന്നൊന്നായി വരുന്ന അറിവിന്റെ അലകളിൽ അങ്ങ് ദൂരെ കാണപ്പെടുന്ന പരമോന്നത ജ്ഞാനത്തിന്റെ ചക്രവാളത്തിലേക്ക് കണ്ണും നട്ട് തന്റെ വഞ്ചിയിറക്കുകയാണു് മഹാപ്രതിഭാശാലിയായ അദ്ദേഹം. വിശ്വ മാനവികതയുടെ നിതാന്തമായ സുരക്ഷക്ക് മാർഗ്ഗദർശനമേകുന്ന പ്രസ്തുത വരികളിലൂടെ അദ്ദേഹം കണ്ടെത്തുന്ന ഒരു സത്യമാണു സത്യവും സ്വാതന്ത്ര്യവും ഇരട്ടക്കുട്ടികളാണെന്ന്. ഒന്നിന്റെ അഭാവം മറ്റൊന്ന് നഷ്ടപ്പെടുത്തുന്നു. സത്യമെന്ന നന്മയുണ്ടാകണമെങ്കിൽ നല്ല മനസ്സാക്ഷി വേണം. ഡോക്ടർ കുഞ്ഞാപ്പു എഴുതുന്നു. (1)Cain will be haunted by the cries of Abel.(2) "that the way to think about justice is to ask what principles we would agree to in an initial situation of equality".

മുപ്പത്തിയേഴു പുസ്തകങ്ങളിലൂടെ ഒരു "വിജ്ഞാന സവാരി "നടത്തിയ പ്രതിഭാധനനയ ഡോക്ടർ കുഞ്ഞാപ്പു ആ അറിവുകളിൽ നിന്നും അറിവുകൾ സ്വയം കണ്ടെത്തി അത് സഹൃദയരായ വായനക്കാർക്കു വേണ്ടി സമർപ്പിച്ചിരിക്കയാണു. അറിവ് ഉൽകണ്ഠയുളവാക്കുന്നു. അതേ സമയം ഉൽകണ്ഠ കുറയ്ക്കുകയും ചെയ്യുന്നു. അറിവുകൾ മനുഷ്യ നന്മക്കും നാശത്തിനുമുപയോഗിക്കാം, സ്വാർത്ഥതാൽപ്പര്യങ്ങൾക്കും ഉപയോഗിക്കാം. നമ്മൾ പലപ്പോഴും വഞ്ചിക്കപ്പെടുന്നത് നമ്മളുടെ

അറിവിൻെറ അളവിൽ വരുന്ന വ്യത്യാസം കൊണ്ടാണ്‌ അല്ലെങ്കിൽ അതെങ്ങനെ ഉപയോഗിക്കണമെന്ന അറിവിൻെറ അഭാവം മൂലമാണ്‌. ഡോക്ടർ കുഞ്ഞാപ്പു ഈ വിഷയത്തെക്കുറിച്ച് വിവരിക്കുമ്പോൾ അമേരിക്കയിൽ അറിയപ്പെടുന്ന “പൊൻസി സ്കീം” നെ കുറിച്ച് പറയുന്നു. വിജ്ഞാനതൃഷ്ണയുള്ള ഒരാൾക്ക് അറിവിൻെറ കണ്ണിയിലൂടെ കാലത്തിൻെറ പുറകോട്ടും മുമ്പോട്ടും സഞ്ചരിക്കാൻ സാധിക്കുന്നു. അപ്പോൾ അറിവിൻെറ ഒരു നിറക്കുടം സ്വന്തമാകുന്നു.

എന്താണു ജീനിയസ്സ് എന്നതിനുള്ള പുരാതനമായ ഒരു സങ്കൽപ്പം നമ്മളിൽ ഒരു ദൈവമുണ്ട് ആ ദൈവം സംസാരിക്കുന്നു എന്നാണു . എമേഴ്സൺ പറയുന്നത് ഒരു ജീനിയസ്സ് സംസാരിക്കുമ്പോൾ ദൈവം സംസാരിക്കുന്നു എന്നാണു. സർഗ്ഗാത്മകത പഠിപ്പിക്കാൻ കഴിയുന്നതാണോ അതോ ഒരാളിൽ അത് ജന്മനാ ഉള്ളതാണോ എന്ന ചോദ്യത്തിനു ഇപ്പോൾ പ്രസക്തി കുറഞ്ഞുവെന്ന് ഡോക്ടർ കുഞ്ഞാപ്പു എഴുതുന്നു. കാരണം ഈ ചോദ്യത്തിനു വിശ്വസനീയമായ ഉത്തരങ്ങൾ കണ്ടുപിടിക്കപ്പെട്ടു കഴിഞ്ഞു. ഒരാൾക്ക് അയാളിലുള്ള കഴിവുകൾ മാത്രമേ വികസിപ്പിക്കാൻ സാധിക്കയുള്ളു. ആരുടെയെങ്കിലും സഹായത്താൽ പ്രകടിപ്പിക്കുന്ന കഴിവുകൾ ആ സഹായം നിൽക്കുമ്പോൾ നിന്നുപോകും. പ്രവാസം കൊണ്ട് എഴുത്തുകാർക്ക് അവരുടെ സർഗ്ഗശക്തി കുറഞ്ഞുപോകുമോ എന്ന് മിലൻ കുണ്ടേര (സ്വയം ഒരു പ്രവാസി) ചോദിക്കുന്നതായി ഗ്രഹാതുരത്വത്തെകുറിച്ച് എഴുതുമ്പോൾ ഡോക്ടർ കുഞ്ഞാപ്പു സൂചിപ്പിക്കുന്നു. ജന്മനാട്ടിൽ വച്ച് നല്ല കവിതകളെഴുതിയ ഒരാൾ ജീവിതായോധനത്തിൻെറ സമ്മർദ്ദത്തിൽപ്പെട്ട് ഇരുപത് വർഷത്തോളം ഒന്നുമെഴുതാതിരുന്നത് ഒരുദാഹരണമാണു. അതിനു ശേഷമാകട്ടെ അദ്ദേഹത്തിൻെറ പ്രതിഭയുടെ തിളക്കം കുറഞ്ഞതായി കാണുകയും ചെയ്തു. എന്നാൽ യഥാർത്ഥ പ്രതിഭാശലികൾക്ക് കാലമോ ദേശമോ ഒരു പ്രതിബന്ധമാകുന്നില്ലെന്ന് ഡോക്ടർ കുഞ്ഞാപ്പുവിൻെറ നിരീക്ഷണങ്ങളിൽ നിന്നു നമ്മൾ മനസ്സിലാക്കുന്നു. ഈ വിഷയങ്ങളെക്കുറിച്ച് നമ്മൾ ചിന്തിക്കുമ്പോൾ ഒരു കാര്യം വ്യക്തമാകുന്നു. നമ്മളുടെ മുന്നിലൂടെ ഇത്തരം വിഷയങ്ങൾ കടന്നുപോയെങ്കിലും നമ്മൾ അവയെ ശ്രദ്ധിച്ചില്ല. ഈ പുസ്തകത്തിലെ അനവധി അറിവുകൾ/വിവരങ്ങൾ നമ്മളെ ജിജ്ഞാസുവാക്കുന്നു. കൂടുതൽ അറിയാനുള്ള അഭിവാഞ്ച്ഛ നമ്മിൽ അങ്കുരിക്കുന്നു.

ഒരു പക്ഷെ ഗ്രഹാതുരത്വത്തിൻെറ വേദനയും, ബുദ്ധിമുട്ടുകളുമനുഭവിക്കുന്നവർക്ക് വേണ്ടി പ്രതിഭാശാലികൾ കണ്ടു പിടിച്ച ഉപകരണങ്ങളായിരിക്കും, ദൂരഭാഷിണികളും, ദൂരദർശന്വും, പിന്നീട് കണ്ടു പിടിച്ചിട്ടുള്ള നിരവധി ഉപകരണങ്ങളും. ഇപ്പോൾ ഐപ്പാഡിൽ ടെക്സ്റ്റ് ചെയ്തുകൊണ്ടിരിക്കുന്നവരുടെ ഒരു തലമുറ കഴിയുമ്പോൾ അവർക്ക് വാചാലമായി സംസാരിക്കാനുള്ള കഴിവ് നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ടെന്ന് ഈ പുസ്തകത്തിലെ വിവരങ്ങളിലൂടെ കടന്നുപോകുമ്പോൾ നമ്മൾ മനസ്സിലാക്കുന്നു. ചില പുസ്തകങ്ങൾ നമ്മളെ കൂടുതൽ വായിപ്പിക്കുകയും കൂടുതൽ ചിന്തിപ്പിക്കയും ചെയ്യുന്നു. ഈ പുസ്തകം അതിൽപ്പെടുന്നു.

ആധുനിക സൗകര്യങ്ങൾ ഗ്രഹാതുരത്വത്തെ ലഘൂകരിക്കുന്നു. ഡോക്ടർ കുഞ്ഞാപ്പു എഴുതുന്നു. No wonder, a Grandma in visiting Visa may belch out: “why should I go back home now? I do not miss much, though the winter was still harsh and unwelcome.” അതേ സമയം ഗ്രഹാതുരത്വം പുരോഗതിക്ക് തടസ്സമായി നിൽക്കുന്നു എന്നു ഓർമ്മിക്കേണ്ടതുണ്ട്. ജനിച്ച് വളർന്ന് പ്രദേശവും, ഭാഷപോലും കൈവിടാൻ പ്രയാസമാകുമ്പോഴും പരോക്ഷമായി ഗ്രഹാതുരത്വം ഒരു തടസ്ഥം സ്രുഷ്ടിച്ചിരിക്കുന്നു. തിരിഞ്ഞ് നോക്കാതെ മുന്നോട്ടു പോകാൻ ദൈവം അബ്രഹാമിനോട് കൽപ്പിച്ചതും അദ്ദേഹത്തിൻെറ ഭാര്യ തിരിഞ്ഞ് നോക്കി ഉപ്പുതൂണായതും ബൈബിളിൽപറയുന്നു. ആധുനികതയും, നൂതനവിദ്യകളും അമേരിക്കകാരുടെ ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിച്ച്കൊണ്ടിരിക്കുമ്പോൾ അത്തരം സുഖാവസ്ഥയിൽ പതുങ്ങിയിരിക്കുന്ന അപകടങ്ങളും നഷ്ടപ്പെടുന്ന സ്വകാര്യതയും ഡോക്ടർ കുഞ്ഞാപ്പുവിൻെറ ചിന്തകളെ അദ്ദേഹം മുമ്പ് വായിച്ച പുസ്തകങ്ങളിലേക്ക് വലിക്കുന്നു.. ഇന്നു ലോകത്തിൻെറ നാനാഭാഗത്ത് നിന്നും വിരൽ തുമ്പുകളിൽ വിവരങ്ങൾ കൂട്ടികുറക്കുന്നവരും ശേഖരിക്കുന്നവരും ധാരാളം. എന്നാൽ ആദ്യകാലങ്ങളിൽ അത്തരം ആനുകൂല്യങ്ങൾ വളരെ കുറച്ച്പേർക്ക് മാത്രമായിരുന്നു എന്ന് അദ്ദേഹം വായിച്ച് പുസ്തകങ്ങളിൽ

നിന്നും ഉദ്ധരിക്കുന്നു. വായനകൊണ്ട് ശേഖരിച്ച് വച്ച ഓർമ്മകൾ ഒരു സ്വിച്ചമർത്തുമ്പോൾ ജ്വലിക്കുന്ന ബൾബു പോലെ ഓരോരുത്തരിലുമുണ്ട്. പക്ഷെ സ്വിച്ചമർത്തി പ്രകാശം പരത്താതെ സീമിതമായ വെളിച്ചത്തിൽ അല്ലെങ്കിൽ ഇരുട്ടിൽ കഴിയുന്ന സാധാരണക്കാരൻ.

ആദ്യം ഒരു കുഞ്ഞ് കാണുന്നത് അമ്മയുടെ ആക്രുതിയാണു. രണ്ടു കണ്ണുകൾ, മൂക്ക്, ചുണ്ടുകൾ, നെറ്റി, അങ്ങനെ ഓരോന്നും നോക്കി ആ സുഖാനുഭൂതിയിൽ മോണ കാട്ടി കുഞ്ഞ് ചിരിക്കുന്നു. അതിന്റെ ആനന്ദം പ്രകടിപ്പിക്കുന്നുഎന്നാൽ വളരുംതോറും ഓരോ മനുഷ്യരും അവർ കണ്ട സമാനതകളിൽ വ്യത്യാസം കാണുന്നു. സമാനതകളിലെ അസമാനതകളാണു ലോകം. പക്ഷെ ആരും അത് കാര്യമായി ശ്രദ്ധിക്കുന്നില്ല. ദൈനംദിന ജീവിതത്തിൽ ഓരോ വ്യക്തിയും എത്രയോ പ്രതിഭാസങ്ങൾക്ക് സാക്ഷിയാകുന്നു. നേരത്തെ സൂചിപ്പിച്ചപോലെ ബുദ്ധിയും പ്രതിഭയും തമ്മിലുള്ള വ്യത്യാസം നമുക്കിവിടെ അനുഭവപ്പെടുന്നു. മഴവില്ലിൽ ഏഴു നിറങ്ങൾ എന്നു എന്നു പഠിച്ച് വച്ചിരിക്കുന്ന ബുദ്ധിമാൻ അത് ശരിയെന്ന് വിശ്വസിക്കുന്നു. എന്നാൽ നിറങ്ങളെപ്പറ്റി ഗവേഷണം നടത്തിയ പ്രതിഭാശാലി വാസ്തവത്തിൽ ഒരു നിറം മാത്രമാണുള്ളത് അത് വെള്ളയാണെന്ന് കണ്ടു പിടിച്ചു. കറുപ്പ് ഒരു നിറമായി ശാസ്ത്രം കരുതുന്നില്ല. അതിനെ നിറമില്ലായ്മയെന്ന് പറയുന്നു. നിറങ്ങളുടെ സ്വാധീനത്തെക്കുറിച്ച് രസതന്ത്ര വിദഗ്ദ്ധൻ കൂടിയായ ഡോക്ടർ കുഞ്ഞാപ്പു കൗതകകരമായ ചില വിവരങ്ങൾ നൽകുന്നു. ശസ്ത്രക്രിയക്ക് ശേഷം വിശ്രമിക്കുന്നവരുടെ മുറി ഇളം പച്ച നിറത്തിൽ ആകുന്നത് അവരിൽ മാനസികോന്മേഷം ഉണ്ടാക്കാൻ സഹായിക്കുന്നു. അതെ പോലെ ഇളം നീല നിറം പൂശിയ മുറി സമ്മേളനങ്ങൾക്ക് നല്ലതാണു കാരണം ആ നിറത്തിന്റെ സാന്നിദ്ധ്യം ആശയ വിനിമയത്തിനു സഹായകമാകുന്നു.

ഈ പുസ്തകത്തിൽ ഡോക്ടർ കുഞ്ഞാപ്പു ഓർമ്മകളുടെ കണ്ണികൾ തമ്മിൽ ബന്ധിപ്പിക്കയാണ്. ഭൂതകാലത്തിന്റെ സ്വാധീനം വർത്തമാനകാലത്തുണ്ടെന്ന ഒരു തത്വം അദ്ദേഹം വികസിപ്പിക്കുന്നതായി കാണാം. മനസ്സിൽ ഭൂതകാലത്തിന്റെ സജീവമായ ഓർമ്മകൾ സൂക്ഷിക്കുന്നത് മനുഷ്യസഹജമാണു. വർത്തമാനകാലത്തിലെ ഓരോ സംഭവ്ങ്ങളും ആ ഓർമ്മകളെ സ്പർശിക്കുന്നു. പലരിലും ഇങ്ങനെ സംഭവിക്കുമെങ്കിലും ആരും അത് ഗൗരവതര്മായി എടുക്കുന്നില്ല. ഓർമ്മകൾ മായ്ച്ച് കളയാം എന്നാൽ അവ ഉണർത്തുക എളുപ്പമല്ല. The retrieval of one memory often leads to the retrieval of a chain of other related memories: retrieval of one memory leads to the retrieval of another and so on. Memory allocation provides a molecular and cellular mechanism for this complex cognitive phenomenon.

അറിവിന്റെ വിസ്മയകരമായ ഒരു ലോകം വായനക്കാർ ഈ പുസ്തകത്തിൽ കണ്ടെത്തുന്നു. താൽപ്പര്യവും അഭിരുചിയുമുള്ളവർക്ക് ഈ പുസ്തകം "Links and Connectivity" വാങ്ങിക്കാം. അല്ലെങ്കിൽ ഡോക്ടർ ജോയ് ടി കുഞ്ഞാപ്പുവുമായി നേരിട്ട് ബന്ധപ്പെടാം.(917 710 6049).

ശുഭം